മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ

34 [971] *ഡോ. തോമസ് ഐസക്:*

ശ്രീ. കെ. കെ. ജയചന്ദ്രൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം ധനകാര്യ കമ്മീഷൻ എന്നാണ് നിലവിൽ വന്നത്; പ്രസ്തുത ധനകാര്യ കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ 20-8-2004-ൽ നിലവിൽ വന്നു. കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ താഴെപ്പറയുന്നു:

കമ്മീഷൻ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ധനകാര്യസ്ഥിതി വിലയിരുത്തുകയും താഴെപ്പറയുന്ന വിഷയങ്ങളെ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(I) ഇനിപ്പറയുന്ന കാര്യങ്ങളുടെ നടത്തിപ്പിനുള്ള തത്വങ്ങൾ:

(i) ഭരണഘടനയുടെ IX, IX-എ എന്നീ ഭാഗങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ പിരിച്ചെടുക്കുന്നതും എല്ലാ തലങ്ങളിലുള്ള പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും അവരവരുടെ വിഹിതം നൽകേണ്ടതുമായ നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവയുടെ ശിഷ്ടവരുമാനം സംസ്ഥാനവും, പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും തമ്മിൽ വീതിച്ചെടുക്കുന്നതു സംബന്ധിച്ച്.

(ii) പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും ഏൽപ്പിച്ചു കൊടുക്കേണ്ടതും അവയ്ക്ക് ചെലവഴിക്കാവുന്നതുമായ നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവ തീരുമാനിക്കുന്നതു സംബന്ധിച്ച്.

LIBRARY ARCHIVES Kerala Legislative Assembly

(iii) സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്ന് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ട ഗ്രാന്റ് ഇൻ എയ്ഡ് സംബന്ധിച്ച്.

(II) താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ശുപാർശ നൽകുക.

(i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുക്കാനുള്ള സാധ്യത പരിശോധിക്കുകയും അങ്ങനെ വായ്പ എടുക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു ചട്ടക്കൂട് നിർദ്ദേശിക്കുകയും ചെയ്യുക.

(ii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ആസ്തികളുടെയും സ്ഥാപനങ്ങളുടെയും സംരക്ഷണത്തിനാവശ്യമായ ചെലവ് സംസ്ഥാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ പങ്കുചേർന്ന് വഹിക്കുന്നതിനുള്ള ശുപാർശകൾ.

(iii) വിഭവ സമാഹരണത്തിനും ചെലവ് ചുരുക്കലിനും പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ സാമ്പത്തിക കാര്യ നിർവ്വഹണത്തിന് ആവശ്യമായ നടപടികൾ നിർദ്ദേശിക്കുക.

(iv) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിലേക്കും, സർക്കാർ ഏജൻസികളിലേക്കും അതുപോലെ സർക്കാരും, സർക്കാർ ഏജൻസികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും നൽകേണ്ടതായ വിവിധ ബാദ്ധ്യതകളുടെ തീർപ്പാക്കൽ.

(v) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള് ധനവിനിർഗ്ഗമനം സുഗമമാക്കലും ശരിയായ സാമ്പത്തിക ഉത്തരവാദിത്വം ഉറപ്പാക്കലും.

(vi) ബഡ്ജറ്റിംഗ്, അക്കൗണ്ടിംഗ്, ആഡിറ്റിംഗ് വ്യവസ്ഥകളും നടപടിക്രമങ്ങളും.

(vii) ഉയർന്ന ധനസമാഹരണത്തിനും കാര്യക്ഷമമായ വിഭവവിനിയോഗത്തിനുമുള്ള പ്രോൽസാഹനം.

(viii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി സംബന്ധമായ കാര്യങ്ങളുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനുള്ള സമ്പ്രദായങ്ങളും നടപടിക്രമങ്ങളും.

(ix) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതി സംബന്ധമായ പ്രത്യേക ഉത്തരവാദിത്തങ്ങൾ നൽകുക.

(III) പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും ഇതിനകം കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ ശമ്പളവും അവവൻസുകളും നൽകുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൈമാറ്റം ചെയ്യേണ്ട ബജറ്റ് വിഹിതവും അതിനുവേണ്ട മാനദണ്ഡങ്ങളും നിർദ്ദേശിക്കുക.

(ബി) ഇല്ല.

(സി) രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ ഭാഗികമായി അംഗീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ അംഗീകരിച്ചിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

മാള സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിക്കാൻ നടപടി

35 [972] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ധനസഹായം അനുവദിക്കുമോ;

(ബി) ഗവൺമെന്റ് 'അതിവേഗം ബഹുദൂരം' പദ്ധതിയിൽ ഉൾപ്പെടുത്തി മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന് ആവശ്യമായ പ്രവർത്തനമൂലധനം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ പരിശോധന

36 [973] *ശ്രീ. പി. കെ. കെ. ബാവ:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *സി. മോയിൻ കുട്ടി:*
„ *കളത്തിൽ അബ്ദുള്ള:*
„ *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് ടെലിഗ്രാം/അണ്ടർ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ്വഴി വിവരങ്ങൾ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഏതൊക്കെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2004-2005-ൽ വിവരങ്ങൾ അറിയിച്ചു;

LIBRARY ARCHIVES Kerala Legislative Assembly